(ബി) എ. ഭാഗം ഉത്തരമനുസരിച്ച് ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ സെബാസ്റ്റ്യൻ തോപ്പിൽ: കയർവ്യവസായസഹകരണസംഘങ്ങൾക്ക് ഗവണ്മെന്റിൽനിന്നും എന്തെങ്കിലും സഹായം ചെയ്തുകൊടുക്കുന്നുണ്ടോ?

ശ്രീ. എൻ. കണ്ണാരാമൻ: ഗ്രാൻറുകൊടുക്കുന്നുണ്ട്.

ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: കയർവ്യവസായസഹകരണസംഘങ്ങൾ സംഘടിപ്പിക്കുന്നതിനു ഗവണ്മെന്റിൽനിന്നും പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. എൻ. കണ്ണാരാമൻ: ആറുപേരെ നിയമിച്ചിട്ടുണ്ട്.

ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: എത്ര കയർവ്യവസായസംഘങ്ങൾ ഇതിനകം റജിസ്റ്റർ ചെയ്തിട്ടുണ്ട്?

ശ്രീ. എൻ. കണ്ണാരാമൻ: ഇപ്പോൾ 42 സംഘങ്ങൾ ഉണ്ട്. ഇനിയും കൂടുതൽ ഉണ്ടാകും.

ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: കൂടുതലായി എത്ര സംഘങ്ങൾകൂടെ സ്ഥാപിക്കാനാണുദ്ദേശിക്കുന്നത്?

ശ്രീ. എൻ. കണ്ണാരാമൻ: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: ഈ സംഘങ്ങളിലെ സെക്രട്ടറിമാർക്ക് ഗവണ്മെന്റിൽനിന്നും ശമ്പളം കൊടുക്കുന്നുണ്ടോ?

ശ്രീ. എൻ. കണ്ണാരാമൻ: ഗവണ്മെന്റിൽനിന്നും കൊടുക്കുന്നില്ല. സെന്റിറിയിൽനിന്നും ശമ്പളം കൊടുക്കുന്നുണ്ട്.

ശ്രീ. എം. ഐ. പോൾ: ഇക്കൂട്ടത്തിൽ ചില സംഘങ്ങളുടെ സെക്രട്ടറിമാർ രാജിവെച്ചിരിക്കയാണെന്ന വിവരം ഗവണ്മെന്റിനറിയാമോ?

ശ്രീ. എൻ. കണ്ണാരാമൻ: അറിഞ്ഞുകൂടാ.

കടൽവ്യവസായ പരിപോഷണം

*൧൦൩൮. (൧൨) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ കടൽവ്യവസായപരിപോഷണത്തിനുവേണ്ടി ഒരു കോടി രൂപ ലോൺ നൽകാമെന്നും അതിലേക്കൊരു പദ്ധതി തയ്യാറാക്കണമെന്നും കേന്ദ്രഗവണ്മെന്റ് നമ്മുടെ ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻപ്രകാരം എന്തെങ്കിലും പദ്ധതി തയ്യാറാക്കുകയോ അതിൻമേൽ ആലോചനകൾ നടത്തുകയെങ്കിലും ഉണ്ടായിട്ടുണ്ടോ?

വ്യവസായവും എക്സൈസും തൊഴിൽവകുപ്പുമന്ത്രി (ശ്രീ. എൻ. കണ്ണാരാമൻ): കേന്ദ്രഗവണ്മെന്റിൽനിന്നും അങ്ങിനെ ഒരു സന്ദേശവും ഈ ഗവണ്മെന്റിനു ലഭിച്ചിട്ടില്ല.

കടൽ വ്യവസായോല്പന്നങ്ങൾ

*൧൦൩൯. (൧൨) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

കടൽവ്യവസായോല്പന്നങ്ങൾ വിദേശങ്ങളിൽ ചിലവാക്കുന്നതിനുള്ള സാദ്ധ്യതകളെപ്പറ്റി വ്യവസായോല്പന്നകയറ്റുമതി സംഘത്തിന്റെ പ്രതിനി

LIBRARY ARCHIVES Kerala Legislative Assembly

ധിയായ മിസ്സ് ബറിയുമായി വ്യവസായവകുപ്പുമന്ത്രി ഇയ്യിടെ പയ്യാലോചനകൾ നടത്തിയതായി പത്രത്തിൽ കണ്ട സംഗതി വാസ്തവമാണോ; എങ്കിൽ എന്താണ് സംഭാഷണഫലം?

വ്യവസായവും എക്സ്സ്റ്റും തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ); മിസ്സിസ്സ് ബെറിയുമായി ആലോചിക്കുകയുണ്ടായി. ചില കുടിൽവ്യവസായോല്പന്നങ്ങൾ കയറ്റി അയക്കുന്നതിനു് ഏർപ്പാടു ചെയ്തിട്ടുണ്ട്.

ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: എതെല്ലാം സാധനങ്ങളാണ് കയറ്റി അയക്കുന്നതിനു് ഏർപ്പാടുചെയ്തിട്ടുള്ളതെന്നു പറയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ആനക്കൊമ്പിൽനിന്നും ഉണ്ടാക്കുന്ന സാധനങ്ങൾ, മറ്റു മൃഗങ്ങളുടെ കൊമ്പിൽനിന്നും ഉണ്ടാക്കുന്ന ചില സാധനങ്ങൾ പുല്ലായ്, മുതലായവയാണ്.

ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: എന്നാണ് ഈ സാധനങ്ങൾ കയറ്റി അയച്ചിട്ടുള്ളതു്?

ശ്രീ. എൻ. കുഞ്ഞുരാമൻ: കയറ്റി അയച്ചിട്ടില്ല. അയക്കാൻ ഏർപ്പാടു ചെയ്യുവരുന്നതേ ഉള്ളൂ.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഏതെല്ലാം രാജ്യങ്ങളിലേക്കാണ് ഈ സാധനങ്ങൾ കയറ്റി അയക്കാൻ ഏർപ്പാടുചെയ്തിരിക്കുന്നതു്?

ശ്രീ. എൻ. കുഞ്ഞുരാമൻ: മിക്കവാറും അമേരിക്കയിലേക്കാണ്.

Sri. P. Balakrishnan Tampi: Without appearing to be unduly inquisitive, may I ask the Honourable Minister whether the price of any commodities wanted by her was fixed during his conversation with her?

ശ്രീ. എൻ. കുഞ്ഞുരാമൻ: വിലയെപ്പറ്റി ഞങ്ങൾ ചർച്ച ചെയ്തില്ല. ഇവിടെനിന്നും കയറ്റി അയക്കുന്ന സാധനങ്ങൾക്ക് അപ്പോഴപ്പോൾ അവർ ഒരു വില നിശ്ചയിക്കുമെന്നാണ് ഞങ്ങളുടെ ചർച്ചാവേളയിൽ അവർ അഭിപ്രായപ്പെട്ടതു്.

ശ്രീ. എ. പി. ഉദയഭാനു: Standardisation ഇല്ലാത്തതുകൊണ്ടു് നമ്മുടെ കുടിൽവ്യവസായോല്പന്നങ്ങൾ വിദേശങ്ങളിൽ മാർക്കറ്റു ചെയ്യാൻ വളരെ പ്രയാസമുണ്ടെന്നറിയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: പ്രയാസമുണ്ട്.

ശ്രീ. എ. പി. ഉദയഭാനു: അതുകൊണ്ടു് സ്റ്റാൻഡ്ഡൈസേഷനുവേണ്ടി വല്ലതുമുണ്ടോ എന്തെങ്കിലും നടപടി എടുക്കുന്നുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: സ്റ്റാൻഡ്ഡൈസേഷനുവേണ്ടി ഇപ്പോൾ നടപടികളൊന്നും എടുക്കാൻ ഉദ്ദേശിക്കുന്നില്ല. എങ്കിലും നല്ല സാധനങ്ങൾ മാത്രം തെരഞ്ഞെടുത്തു കയറ്റി അയക്കുന്നതിൽ അവർക്കു നിർബ്ബന്ധമുണ്ടെന്നു് മിസ്സിസ്സ് ബെറി എന്നോടു പറഞ്ഞിട്ടുണ്ട്.

Sri. P. Balakrishnan Tampi: Is not standardization the death of art in many instances?

Sri. N. Kunjuraman: That is an inference.

ശ്രീ. മന്നാർ തോപ്പാലൻനായർ: ഇന്ത്യാസാധനങ്ങൾക്കു് വിദേശങ്ങളിൽ വിപണി വളരെ കുറഞ്ഞുവരുന്നുണ്ടെന്നു് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കണ്ണരാമൻ: മിസ്സിസ്സ് ബെറിയുമായി സംസാരിച്ചപ്പോൾ ചിക്കാഗോയിൽ ദന്തസാമാനങ്ങൾക്ക് ധാരാളം ചിലവുണ്ടെന്നാണ് അവർ പറഞ്ഞത്.

പൊതുമന്ദിരം

*ക ൦൩൫. (൩൩) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഹരിജൻ ഉദ്ധാരണവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ഒരു പ്രധാനകേന്ദ്രമായ നെയ്യാറിൻകര താലൂക്കിൽ ചേന്നവെങ്ങാന്തരിൽ ഹരിജനങ്ങളുടെ സാമൂഹികസഹായത്തിനു് ഒരു പൊതുമന്ദിരം പണികഴിപ്പിച്ചു് സഹായിക്കാൻ വേണ്ട നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിൽ എന്തു നടപടികൾ എടുത്തു?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉണ്ട്.

(ബി) ഗവൺമെണ്ടിന്റെ ആലോചനയിൽ ഇരിക്കയാണ്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഇക്കൊല്ലം എവിടെയെങ്കിലും പൊതുമന്ദിരങ്ങൾ സ്ഥാപിക്കാൻ അനുവദിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള. അതു നോട്ടീസുകൂടാതെ പറയാൻ നിവൃത്തിയില്ല.

പൊതുസ്ഥാപനം

*ക ൦൩൯. (൩൮) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഹരിജൻ ഉദ്ധാരണവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) കൊല്ലം താലൂക്കിൽ പെരുനാട് പകുതിയിലെ ഹരിജനങ്ങളുടെ പൊതുഉപയോഗത്തിനു് പെരുനാട് ചേരിയിൽ ഒരു പൊതുമന്ദിരം സ്ഥാപിച്ചു് സഹായിക്കാൻ നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിൽ എന്തു നടപടികൾ കൈക്കൊണ്ടു;

(സി) ഇതിലേക്കു് ആവശ്യമായ പ്രാരംഭപ്രവർത്തനങ്ങൾ എന്തെങ്കിലും എടുത്തിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) കിട്ടിയിട്ടുണ്ട്.

(ബി) പുതുതായി പൊതുമന്ദിരങ്ങൾ പണിയുമ്പോൾ പെരിനാടിന്റെ കാര്യവും ആലോചിക്കുന്നതാണ്.

(സി) ഉണ്ട്. പൊതുമന്ദിരം പണിയേണ്ട സ്ഥലത്തെപ്പറ്റി വേണ്ട അന്വേഷണം നടത്തിവരുന്നു.

ഭൂമിസേചനസൗകര്യം

*ക ൦൯൦. (൩൬) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വേനൽ നിമിത്തം സാധാരണയായി നെൽകൃഷി നാശം ഉണ്ടായിക്കൊണ്ടിരിക്കുന്നതും, തിരുവല്ലാ താലൂക്കിൽ ചേന്നുമായ, കോയിപ്രം,

LIBRARY ARCHIVES Kerala Legislative Assembly